## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ **ചോദ്യം നം.444** **29.05.2019**-ലെ മറുപടിക്ക്

**ചോദ്യം** **മറുപടി**

ശ്രീ. കെ.ദാസൻ

ഡോ. ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പമന്ത്രി

**നൂതന സാമ്പത്തിക സ്രോതസ്സുകൾ**

| | | |
|---|---|---|
| (എ) | നവലിബറൽ സാമ്പത്തിക നയത്തിന്റെ പശ്ചാത്തലത്തിൽ പരമ്പരാഗത സാമ്പത്തിക സ്രോതസ്സുകളിൽ നിന്നുള്ള വരുമാനം കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നൂതന സാമ്പത്തിക സ്രോതസ്സുകൾ (Novel Financial Instruments) പ്രയോജനപ്പെടുത്താൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടുവെന്ന് വിശദമാക്കാമോ; | നവലിബറൽ സാമ്പത്തിക നയങ്ങൾ, പരമ്പരാഗത, അസംഘടിത മേഖലകളിലടക്കം സൃഷ്ടിച്ച ഗുരുതര പ്രത്യാഘാതം സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. തത്ഫലമായി സംസ്ഥാനത്തിന്റെ തനതു നികുതി/ നികുതി ഇതര വരുമാനത്തിൽ പ്രതീക്ഷിക്കുന്ന വളർച്ച കൈവരിക്കുവാൻ സാധിക്കുന്നില്ലായെന്നത് വസ്തുതയാണ്. ടി പരിമിത സാഹചര്യത്തിലും സംസ്ഥാനത്തിന്റെ വികസന താത്പര്യങ്ങൾക്ക് ഭംഗം വരാതിരിക്കുന്നതിനായി വായ്പയെടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽ മുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു. 1999-ലെ കിഫ്ബി ആക്റ്റ് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ. യും അംഗീകരിച്ചിട്ടുള്ള നൂതന ധന സമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി. ഏതാണ്ട് 54,000/- കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ നടപ്പിലാക്കി വരുന്നു. |
| (ബി) | കിഫ്ബി സംവിധാനം ഏർപ്പെടുത്തിയത് നൂതന സാമ്പത്തിക സ്രോതസ്സുകൾ | കിഫ്ബി സംവിധാനം ഏർപ്പെടുത്തിയത് ബഡ്ജറ്റിനതീതമായി ധനസമാഹരണം നടത്തി സംസ്ഥാനത്ത് അടിസ്ഥാന സൗകര്യ വികസനം |

| | | |
|---|---|---|
| | പ്രയോജനപ്പെടുത്തുന്നതിനുള്ള ഉപാധിയാണോയെന്ന് വിശദമാക്കാമോ; | നടത്തുന്നതിനായാണ്. ഇതിന്റെ ഭാഗമായി നൂതന സാമ്പത്തിക സ്രോതസ്സുകളും പ്രയോജനപ്പെടുത്തുന്നുണ്ട്. |
| (സി) | മസാല ബോണ്ട് ഈ ദിശയിലുള്ള പ്രവർത്തനമാണോ എന്ന് വ്യക്തമാക്കാമോ? | മസാല ബോണ്ട് നൂതന സാമ്പത്തിക സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിലേക്കുള്ള ഒരു ചുവടുവെയ്പ്പാണ്. |

**സെക്ഷൻ ഓഫീസർ**